സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ. പ്രകാരമുള്ള ഒരു പ്രോജക്ടിനും, നാചുറൽ ഡൈയിംഗ് വികസിപ്പിക്കുന്നതിനുമുള്ള പ്രോജക്ടും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

സഹകരണ മേഖലയിലെ പവർലൂമുകളുടെ നവീകരണം

130 (1213) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും അടഞ്ഞുകിടക്കുന്നതുമായ പവർലൂമുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും അവയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ടെക്സ്ഫെഡ് വഴി ധനസഹായങ്ങളോ ഗ്രാന്റോ നല്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) പവർലൂമുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പൊതുവിപണി കണ്ടെത്തുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇൻഡസ്ട്രിയൽ പവർലൂമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിലുള്ള പവർലൂം യൂണിറ്റുകൾക്ക് 1:4 എന്ന അനുപാതത്തിൽ പ്രവർത്തന മൂലധനത്തിനായി ഓഹരി വിഹിതം അനുവദിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) ടെക്സ്ഫെഡ് പവർലൂം സംഘങ്ങൾക്ക് ധനസഹായങ്ങൾ നേരിട്ട് നൽകുന്നില്ല. എന്നാൽ പവർലൂമുകൾക്ക് വേണ്ടി ഒരു കേന്ദ്രീകൃത വിപണന സമ്പ്രദായം ടെക്സ്ഫെഡിൽ ആരംഭിച്ചിട്ടുണ്ട്.

(സി) പവർലൂമുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പൊതുവിപണി കണ്ടെത്താനുള്ള സഹായങ്ങൾ ടെക്സ്ഫെഡ് ആവിഷ്ക്കരിച്ച വിപണന സമ്പ്രദായംമൂലം ലഭ്യമാക്കിവരുന്നു.

(ഡി) പവർലൂം യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇപ്പോൾ നൽകിവരുന്ന പദ്ധതികൾ പ്രയോജനപ്പെടുത്തി ടെക്സ്ഫെഡിന്റെ സാങ്കേതിക സഹായത്തോടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സംഘങ്ങൾ ശ്രമിക്കേണ്ടതാണ്.

(1219-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly